എ.വൈ.ആർ



പ്രബോധകന്റെ സന്ദേശം സത്യമാണെന്ന് മനസ്സ് മന്ത്രിച്ചുകൊണ്ടിരിക്കുമ്പോഴും നാവുകൾ അവരെ തള്ളിപ്പറഞ്ഞുകൊണ്ടേയിരിക്കും. അവരുടെ അധാർമികതയും പൊങ്ങച്ചവും അവരെ അല്ലാഹുവിന്റെയും സൃഷ്ടികളുടെയും അവകാശലംഘനത്തിന്റെ ആരാധകരാക്കിയിരിക്കുന്നുവെന്നതാണ് കാരണം. എന്തുവില കൊടുക്കേണ്ടിവന്നാലും ഈ അടിമത്തം കൈയൊഴിക്കാൻ അവരാഗ്രഹിക്കുന്നില്ല. സ്വന്തം ജഡികാസക്തികൾക്കിണങ്ങാത്ത ഒരു സത്യത്തിന്റെയും മൂല്യത്തിന്റെയും മുമ്പിൽ തലകുനിക്കാനും തയാറല്ല.

---

وَأَدْخِلْ يَدَكَ فِي جَيْبِكَ تَخْرُجْ بَيْضَاءَ مِنْ غَيْرِ سُوءٍ ۖ فِي تِسْعِ آيَاتٍ إِلَىٰ فِرْعَوْنَ وَقَوْمِهِ ۚ إِنَّهُمْ كَانُوا قَوْمًا فَاسِقِينَ ﴿١٢﴾

12. നിന്റെ കരം കുപ്പായത്തിന്റെ മാർവിടവിലൂടെ ഉള്ളിൽ കടത്തുക. പുറത്തെടുക്കുമ്പോൾ അതു വെളുത്തു തിളങ്ങും - ദോഷമേതുമില്ലാതെ. ഇതു ഫറവോനിലേക്കും അവന്റെ ജനത്തിലേക്കുമുള്ള നവ ദൃഷ്ടാന്തങ്ങളിൽപെട്ടതാകുന്നു. അവർ തികഞ്ഞ ദുഷ്ട ജനമായിക്കഴിഞ്ഞിരിക്കുന്നു.

**12**

وَأَدْخِلْ يَدَكَ = നിന്റെ കൈ നീ കടത്തുക   فِي جَيْبِكَ = നിന്റെ കുപ്പായത്തിന്റെ മാർവിടവിലൂടെ (ഉള്ളിൽ)

تَخْرُجْ بَيْضَاءَ = അതു വെളുത്തതായി പുറത്തുവരും (പുറത്തെടുക്കുമ്പോൾ അതു വെളുത്തു തിളങ്ങും)

مِنْ غَيْرِ سُوءٍ = ദോഷമേതുമില്ലാതെ   فِي تِسْعِ آيَاتٍ = (ഇവ) നവ ദൃഷ്ടാന്തങ്ങളിൽപെട്ടതാകുന്നു

إِلَىٰ فِرْعَوْنَ وَقَوْمِهِ = ഫറവോനിലേക്കും അവന്റെ ജനത്തിലേക്കുമുള്ള

إِنَّهُمْ = തീർച്ചയായും അവർ   كَانُوا قَوْمًا فَاسِقِينَ = ധിക്കാരികളായ ജനമായി (തികഞ്ഞ ദുഷ്ട ജനമായിക്കഴിഞ്ഞിരിക്കുന്നു)

പ്രവാചകനായി നിയോഗിച്ച സന്ദർഭത്തിൽ മൂസാ നബിക്കു നൽകിയ രണ്ടാമത്തെ ദിവ്യദൃഷ്ടാന്തമാണിത്. സൂറ *അൽഅഅ്റാഫിലും* *ത്വാഹായിലും* *ഖുർആൻ ബോധനം* ഈ ദൃഷ്ടാന്തം വിശദീകരിച്ചിരിക്കുന്നു. അങ്കിക്കുള്ളിൽനിന്ന് പുറത്തെടുക്കുന്ന കൈ വെളുത്തു തിളങ്ങുന്നതു കണ്ട്, വടി പാമ്പായതു കണ്ടപ്പോൾ ഭയന്നതുപോലെ ഭയക്കേണ്ടതില്ലെന്നും കൈക്ക് യാതൊരു ഊനവും തട്ടിയിട്ടില്ലെന്നും ഉണർത്തുകയാണ് مِنْ غَيْرِ سُوءٍ എന്ന വാക്യം. ആ ധവളിമയും തിളക്കവും കാഴ്ചക്കാർക്കുണ്ടാകുന്ന ഒരനുഭവം മാത്രമാണ്.

മൂസാ നബിയിലൂടെ നിരവധി ദിവ്യാത്ഭുത ദൃഷ്ടാന്തങ്ങൾ- معجزات -പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. നിലത്തിട്ടാൽ സർപ്പരൂപംകൊള്ളുന്ന വടി മുതൽ മാനത്തുനിന്ന് മന്നയും സൽവയും വർഷിച്ചതുവരെ ദിവ്യാത്ഭുതങ്ങളായിരുന്നു. അക്കൂട്ടത്തിൽ ഒമ്പതെണ്ണം ഫറവോനെയും ഖിബ്ത്വി സമുദായത്തെയും പ്രബോധനം ചെയ്യാൻ നൽകിയതാണ്. നവ ദൃഷ്ടാന്തങ്ങൾ: വടി സർപ്പമാകൽ, കൈ വെട്ടിത്തിളങ്ങൽ, സർപ്പമായി രൂപാന്തരപ്പെട്ട മൂസായുടെ വടി മന്ത്രവാദികൾ സൃഷ്ടിച്ച കൃത്രിമ സർപ്പങ്ങളെ വിഴുങ്ങൽ, മൂസാ(അ) പ്രവചിച്ചതുപോലെ നാട്ടിലുണ്ടായ കൊടിയ ക്ഷാമം, വെള്ളപ്പൊക്കം, പേൻ പെരുപ്പം, തവളശല്യം, രക്തസ്രാവം. ഇതിൽ വടിയും വെട്ടിത്തിളങ്ങുന്ന കരവുമാണ് ആദ്യം നൽകിയത്. അനേകം ദൃഷ്ടാന്തങ്ങളുൾക്കൊള്ളുന്ന മഹാദൃഷ്ടാന്തമായിരുന്നു വടി. അത് പാമ്പാവുക മാത്രമല്ല, മാന്ത്രികരുടെ പാമ്പുകളെ പിടിച്ചു വിഴുങ്ങുകയും ചെയ്തു. അതുകൊണ്ട് സമുദ്രത്തിൽ അടിക്കേണ്ട താമസം, സമുദ്രം രണ്ടായി പിളർന്നു. കല്ലിലടിച്ചപ്പോൾ അതിൽനിന്ന് ഉറവകൾ പൊട്ടിയൊഴുകി. ഇതെല്ലാം ഇസ്രാഈല്യർക്കുവേണ്ടിയുള്ള ദിവ്യാത്ഭുതങ്ങളും സന്ദിഗ്ധ ഘട്ടങ്ങളിൽ അല്ലാഹുവിങ്കൽനിന്ന് ലഭിച്ച അമൂല്യ സഹായങ്ങളുമാകുന്നു. ●

---

فَلَمَّا جَاءَتْهُمْ آيَاتُنَا مُبْصِرَةً قَالُوا هَٰذَا سِحْرٌ مُبِينٌ ﴿١٣﴾

13. പക്ഷേ നമ്മുടെ പ്രത്യക്ഷ ദൃഷ്ടാന്തങ്ങൾ സമാഗതമായപ്പോൾ ആ ജനം ഘോഷിക്കുകയായി; ഇതു തെളിഞ്ഞ ആഭിചാരം തന്നെ.

وَجَحَدُوا بِهَا وَاسْتَيْقَنَتْهَا أَنفُسُهُمْ ظُلْمًا وَعُلُوًّا ۚ فَانظُرْ كَيْفَ كَانَ
عَاقِبَةُ الْمُفْسِدِينَ ﴿١٤﴾

14. മനസ്സിൽ നന്നായി ബോധ്യപ്പെട്ടിട്ടും ധർമധിക്കാരപ്രമത്തതയാലും പൊങ്ങച്ചത്താലും അവരാ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചുകളഞ്ഞു. ആലോചിച്ചു നോക്കുക; ആ നാശകാരികളുടെ പര്യവസാനം എവ്വിധമായിരുന്നു?!

**13-14**

فَلَمَّا جَاءَتْهُمْ = (പക്ഷേ) അവർക്കു വന്നപ്പോൾ (സമാഗതമായപ്പോൾ)

آيَاتُنَا مُبْصِرَةً = നമ്മുടെ കാണുന്ന (പ്രത്യക്ഷ) ദൃഷ്ടാന്തങ്ങൾ قَالُوا = അവർ ഘോഷിക്കുകയായി

هَٰذَا = ഇത് سِحْرٌ مُّبِينٌ = തെളിഞ്ഞ ആഭിചാരം(തന്നെ)

وَجَحَدُوا بِهَا = അവർ അതിനെ (ആ ദൃഷ്ടാന്തങ്ങളെ) നിഷേധിച്ചു (കളഞ്ഞു)

وَاسْتَيْقَنَتْهَا أَنفُسُهُمْ = അവർക്കു സ്വയം തന്നെ അതു ഉറപ്പായിരുന്നു (മനസ്സിൽ നന്നായി ബോധ്യപ്പെട്ടിട്ടും)

ظُلْمًا = അക്രമത്താൽ (ധർമധിക്കാര പ്രമത്തതയാൽ) وَعُلُوًّا = പൊങ്ങച്ചത്താലും

فَانظُرْ = നീ ആലോചിച്ചുനോക്കുക كَيْفَ كَانَ = എവ്വിധമായിരുന്നു

عَاقِبَةُ الْمُفْسِدِينَ = ആ നാശകാരികളുടെ പര്യവസാനം

കണ്ണിനും കാഴ്ചക്കും ബോധ്യത്തിനും ഉപയോഗിക്കുന്ന പദമാണ് بصر. അതിൽനിന്നുള്ള ക്രിയാരൂപങ്ങളായ بَصُرَ -യുടെയും أبْصَرَ -യുടെയും കർതൃപദമാണ് مبصر. തെളിഞ്ഞ, പ്രകടമായ, കണ്ണുതുറപ്പിക്കാൻ പര്യാപ്തമായ ദൃഷ്ടാന്തം എന്ന ആശയത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. പ്രവാചകന്മാർ അവതരിപ്പിക്കുന്ന ദിവ്യാത്ഭുതങ്ങൾ കാണുന്നവർക്ക് അവ ദൈവിക ദൃഷ്ടാന്തങ്ങളാണെന്ന് എളുപ്പത്തിൽ മനസ്സിലാകും. അന്ധന്മാരുടെ പോലും കണ്ണുകൾ തുറപ്പിക്കാൻ പോന്നതാണ് അതിന്റെ ശക്തിയും തെളിമയും. പക്ഷേ, വിശ്വസിക്കില്ല എന്നു പ്രതിജ്ഞയെടുത്തിട്ടുള്ളവർക്ക് അതു കണ്ണടച്ചു നിഷേധിക്കാൻ കഴിയും. അതുകൊണ്ടാണ് മൂസാ നബി പ്രത്യക്ഷപ്പെടുത്തിയ അത്ഭുതങ്ങൾ ഫറവോനും കൂട്ടരും കേവലം മാന്ത്രിക വിദ്യയെന്നാരോപിച്ച് തള്ളിക്കളഞ്ഞത്. എന്നാൽ സാക്ഷാൽ മന്ത്രവാദികൾ അത് മാന്ത്രിക വിദ്യയല്ല, ദൈവിക ദൃഷ്ടാന്തങ്ങൾ തന്നെയാണെന്ന് പരസ്യമായും അസന്ദിഗ്ധമായും സമ്മതിക്കുകയായിരുന്നു. എന്നിട്ടും ഫറവോൻ അശേഷം സമ്മതിക്കാൻ തയാറായില്ല. ഈ മന്ത്രവാദികൾ ചില്ലറക്കാരായിരുന്നില്ല. ഫറവോൻ നാട്ടിന്റെ നാനാ ദിക്കുകളിൽനിന്ന് അരിച്ചുപെറുക്കിയെടുത്തതായിരുന്നു അവരെ. അവരുടെ ആദ്യ പ്രകടനം കണ്ട് മൂസാ (അ) പോലും ഭയന്നുപോയതായും, പേടിക്കേണ്ട വിജയിക്കുന്നത് താൻ തന്നെയായിരിക്കുമെന്ന് അല്ലാഹു സമാധാനിപ്പിച്ചതായും *ത്വാഹാ* 67,68-ൽ പറയുന്നുണ്ട്. അത്രക്ക് ഗംഭീരമായിരുന്നു അവരുടെ പ്രകടനം. മൂസാ (അ) പ്രത്യക്ഷപ്പെടുത്തിയ ദൃഷ്ടാന്തത്തിൽ ഫറവോന് വല്ല സന്ദേഹവും തോന്നിയിരുന്നുവെങ്കിൽ തന്നെ താൻ വിളിച്ചുവരുത്തിയ മഹാമാന്ത്രികരുടെ ഈ സാക്ഷ്യത്തോടെ അതു പൂർണമായി നീങ്ങിപ്പോകേണ്ടതായിരുന്നു. യഥാർഥത്തിൽ മൂസാ നബി പ്രത്യക്ഷപ്പെടുത്തിയത് ദൈവിക ദൃഷ്ടാന്തമാണെന്ന കാര്യത്തിൽ ഫറവോന് തരിമ്പും സംശയമുണ്ടായിരുന്നില്ല. ദൈവിക ദൃഷ്ടാന്തമാണ് എന്ന ദൃഢബോധ്യമുണ്ടായിരിക്കെ തന്നെയാണ് അവർ അതിനെ നിഷേധിച്ചത് എന്നാണ് وَجَحَدُوا بِهَا وَاسْتَيْقَنَتْهَا أَنفُسُهُمْ. എന്ന വാക്യം പറയുന്നത്. ഉറപ്പും ദൃഢബോധ്യവുമാണ് ايقان . അതിന്റെ അർഥത്തെ ശക്തിപ്പെടുത്തുന്ന രൂപമാണ് استيقان. അതിൽ നിന്നുള്ള ക്രിയയാണ് استيقن. സത്യമെന്ന് ഉറച്ച ബോധ്യമുണ്ടായിട്ടും അതു നിഷേധിക്കാൻ അവരെ ധൃഷ്ടരാക്കിയത് ധർമധിക്കാര പ്രമത്തതയും അഹന്തയുമായിരുന്നു. അത്തരം നാശകാരികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് ആലോചിച്ചുനോക്കുക. ഫറവോന്റെയും പ്രഭൃതികളുടെയും പരിണതി മുമ്പ് പല സന്ദർഭങ്ങളിൽ വിവരിച്ചിരിക്കുന്നു.

സത്യം അംഗീകരിക്കാനാഗ്രഹിക്കാത്തവർ ഒന്നല്ല ഒമ്പതു ദൃഷ്ടാന്തങ്ങൾ കണ്ടാലും നിഷേധിക്കാൻ ഓരോ വിതണ്ഡവാദങ്ങളുന്നയിച്ചുകൊണ്ടിരിക്കും എന്നു സമർഥിക്കാനാണ് ഈ ചരിത്രം അനുസ്മരിച്ചത് എന്ന് വ്യക്തമാക്കുകയാണ് ഈ സൂക്തം. പ്രബോധകന്റെ സന്ദേശം സത്യമാണെന്ന് മനസ്സ് മന്ത്രിച്ചുകൊണ്ടിരിക്കുമ്പോഴും നാവുകൾ അവരെ തള്ളിപ്പറഞ്ഞുകൊണ്ടേയിരിക്കും. അവരുടെ അധാർമികതയും പൊങ്ങച്ചവും അവരെ അല്ലാഹുവിന്റെയും സൃഷ്ടികളുടെയും അവകാശലംഘനത്തിന്റെ ആരാധകരാക്കിയിരിക്കുന്നുവെന്നതാണ് കാരണം. എന്തുവില കൊടുക്കേണ്ടി വന്നാലും ഈ അടിമത്തം കൈയൊഴിക്കാൻ അവരാഗ്രഹിക്കുന്നില്ല. സ്വന്തം ജഢികാസക്തികൾക്കിണങ്ങാത്ത ഒരു സത്യത്തിന്റെയും മൂല്യത്തിന്റെയും മുമ്പിൽ തലകുനിക്കാനും തയാറല്ല. അത്തരം എല്ലാ സത്യനിഷേധികളെയും ധർമധിക്കാരികളെയും കാത്തിരിക്കുന്നത് ഫറവോനും പ്രഭൃതികളും നേരിട്ട അതേ പരിണതി തന്നെയാണ്. ●

---

وَلَقَدْ آتَيْنَا دَاوُودَ وَسُلَيْمَانَ عِلْمًا ۖ وَقَالَا الْحَمْدُ لِلَّهِ الَّذِي فَضَّلَنَا
عَلَىٰ كَثِيرٍ مِّنْ عِبَادِهِ الْمُؤْمِنِينَ ﴿١٥﴾

15. ദാവൂദിനും സുലൈമാന്നും നാം ജ്ഞാനമരുളി. ഇരുവരും പ്രാർഥിച്ചിരുന്നു: സത്യവിശ്വാസികളായ പെരുത്തു ദാസന്മാരേക്കാൾ ഞങ്ങളെ ശ്രേഷ്ഠരാക്കിയ അല്ലാഹുവിന് സർവ സ്തുതിയും.

**15**

وَلَقَدْ آتَيْنَا دَاوُودَ وَسُلَيْمَانَ= ദാവൂദിനും സുലൈമാന്നും നാം അരുളി = عِلْمًا ജ്ഞാനം
وَقَالَا = ഇരുവരും പറഞ്ഞു (പ്രാർഥിച്ചിരുന്നു) = الْحَمْدُ لِلَّهِ സർവ സ്തുതിയും അല്ലാഹുവിന്
الَّذِي فَضَّلَنَا = ഞങ്ങളെ അനുഗ്രഹിച്ച, ശ്രേഷ്ഠരാക്കിയവനായ
عَلَىٰ كَثِيرٍ مِنْ عِبَادِهِ = അവന്റെ ദാസന്മാരിൽനിന്നുള്ള പെരുത്താളുകളേക്കാൾ = الْمُؤْمِنِينَ സത്യവിശ്വാസികളായ

സൗഭാഗ്യങ്ങളുണ്ടാകുമ്പോൾ അത് നൽകിയ അല്ലാഹുവിനോട് ഏറെ നന്ദിയും വിധേയത്വവുമുള്ളരാവുകയും തൽഫലമായി അല്ലാഹു കൂടുതൽ കൂടുതൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞുകൊടുക്കുകയും ചെയ്യുന്നതിന് ഉദാഹരണമായി ദാവൂദ് - സുലൈമാൻ പ്രവാചകന്മാരുടെ കഥ അനുസ്മരിക്കുകയാണിനി. യഹൂദർക്കും ക്രൈസ്തവർക്കും അറബികൾക്കും സുപരിചിതരായിരുന്ന ഈ മഹാന്മാരെ നേരത്തേ *അൽബഖറ, അന്നിസാഅ്, അൽമാഇദ, അൽഅൻആം, അൽ ഇസ്രാഅ്, അൽ അമ്പിയാഅ്* സൂറകളിൽ പരാമർശിച്ചുകഴിഞ്ഞിരിക്കുന്നു. അധികാരം, ആൾബലം, വിഭവസമൃദ്ധി, ധിഷണാവൈഭവം, കായികശേഷി എന്നിവയാൽ അനുഗൃഹീതരായിരുന്നു രണ്ടു പേരും. അവർക്ക് ലഭിച്ച അനുഗ്രഹങ്ങളിൽ പ്രധാനവും പ്രഥമവുമായി ഇവിടെ പ്രസ്താവിച്ചിരിക്കുന്നത് ജ്ഞാനത്തെയാണ്. ഈ ലോകത്ത് മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും അമൂല്യവും പ്രയോജനകരവുമായ അനുഗ്രഹം അറിവാകുന്നു എന്നതിന്റെ സൂചനയാണത്. അറിവില്ലെങ്കിൽ മറ്റേതു സൗഭാഗ്യങ്ങൾ എത്ര കൂടുതലുണ്ടായാലും ജീവിതത്തിനു വെളിച്ചമുണ്ടാവില്ല. അറിവുണ്ടെങ്കിൽ മറ്റു വിഭവങ്ങളൊന്നും ഇല്ലെങ്കിലും ജീവിതത്തിന് വെളിച്ചവും സമാധാനവും സന്തുഷ്ടിയുമുണ്ടാകും. ന്യായമായ എല്ലാ സൗഭാഗ്യങ്ങളുടെയും മാധ്യമവുമാണ് വിജ്ഞാനം.

ഏറ്റവും മഹത്തായ വിജ്ഞാനം അല്ലാഹുവിനെ അറിയലാണ്. അല്ലാഹുവിനെക്കുറിച്ചുള്ള ശരിയായ അറിവാണ് സത്യവിശ്വാസം. സത്യവിശ്വാസത്തിലൂടെയാണ് മനുഷ്യൻ തന്നെയും താനുൾക്കൊള്ളുന്ന പ്രപഞ്ചത്തെയും മനസ്സിലാക്കുന്നതും ശരിയായ ജീവിതധർമം ഉൾക്കൊള്ളുന്നതും. സത്യവിശ്വാസത്തിന്റെ അഭാവത്തിൽ ആർജിക്കുന്ന വിജ്ഞാനങ്ങൾ ഭൗതികമായി മാത്രമേ ഫലപ്രദമാകൂ. ഇസ്‌ലാമിന്റെ വീക്ഷണത്തിൽ ഭൗതിക ജീവിതം ക്ഷണികമാണ്. പാരത്രിക ജീവിതമാണ് ശാശ്വതമായിട്ടുള്ളത്. സ്രഷ്ടാവായ അല്ലാഹുവിലുള്ള വിശ്വാസത്തിൽ അധിഷ്ഠിതമായ അറിവേ പാരത്രിക ജീവിതത്തിൽ പ്രയോജനപ്പെടൂ. ഇവിടെ ദാവൂദ്-സുലൈമാൻ പ്രവാചകന്മാർക്ക് ലഭിച്ച ജ്ഞാനം - علم- സത്യവിശ്വാസത്തിലധിഷ്ഠിതമായതും എല്ലാ ജ്ഞാനശാഖകളെയും സാമാന്യമായി ഉൾക്കൊള്ളുന്നതുമാണ്. ആ അറിവുകൊണ്ട് അനുഗ്രഹിക്കപ്പെട്ടവരാണ് മറ്റുള്ളവരേക്കാൾ ശ്രേഷ്ഠരാകുന്നത്. അത്തരം അറിവുകൊണ്ട് തങ്ങളെ അനുഗ്രഹിച്ചതിന്റെ പേരിലാണ് രണ്ടു പേരും അല്ലാഹുവിനെ സ്തുതിക്കുന്നത്. മനുഷ്യന്റെ യഥാർഥ ശ്രേഷ്ഠതയുടെ മൗലിക മാനദണ്ഡം സത്യവിശ്വാസമാണ്. യഥാർഥ സത്യവിശ്വാസികൾ ആ വിശ്വാസം കൊണ്ടുതന്നെ ശിഷ്ടരാകുന്നു. അതാണ് തന്റെ അടിമകളായ പെരുത്ത സത്യവിശ്വാസികളേക്കാൾ തങ്ങളെ ശ്രേഷ്ഠരാക്കിയ -فَضَّلَنَا عَلَىٰ كَثِيرٍ مِنْ عِبَادِهِ- എന്ന വാക്യത്തിലൂടെ സൂചിപ്പിക്കുന്നത്. ഈ ശ്രേഷ്ഠത ലഭിച്ചവർ അത് നൽകിയ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് നന്ദി പ്രകടിപ്പിക്കേണ്ടതുണ്ടെന്നും ഈ സൂക്തത്തിൽനിന്ന് സ്പഷ്ടമാകുന്നു. ഈ സന്ദർഭത്തിൽ ഏറ്റവും ശ്രദ്ധേയമായ കാര്യം അസാമാന്യമായ അറിവുകളും കഴിവുകളും സിദ്ധിച്ച ദാവൂദ് -സുലൈമാൻ പ്രവാചകന്മാർ അതൊക്കെ തങ്ങളുടെ സാമർഥ്യം കൊണ്ടും മഹത്വം കൊണ്ടും ആർജിച്ചതാണെന്ന് അഹങ്കരിക്കാതെ എല്ലാം അല്ലാഹുവിന്റെ അനുഗ്രഹമാണ് എന്ന് വിനയത്തോടെ ഏറ്റുപറയുന്നു എന്നതാണ്. ആ വിനയവും ഭക്തിയുമാണ് അവരെ മേൽക്കുമേൽ അനുഗ്രഹത്തിന് അർഹരാക്കുന്നത്. 58:11-ൽ ഖുർആൻ പറഞ്ഞു: يَرْفَعِ اللَّهُ الَّذِينَ آمَنُوا مِنكُمْ وَالَّذِينَ أُوتُوا الْعِلْمَ دَرَجَاتٍ(നിങ്ങളിൽ സത്യവിശ്വാസം കൈക്കൊണ്ടവരെയും ജ്ഞാനം ലഭിച്ചവരെയും അല്ലാഹു പല പടികൾ ഉയർത്തിക്കൊണ്ടിരിക്കുന്നു). وَمَن يُؤْتَ الْحِكْمَةَ فَقَدْ أُوتِيَ خَيْرًا كَثِيرًا (ജ്ഞാനം ലഭിച്ചവർക്ക് പെരുത്ത് സൗഭാഗ്യം ലഭിച്ചു). അറിവു കൊണ്ടും കഴിവു കൊണ്ടും അക്കാലത്തെ ഏറ്റവും ശ്രേഷ്ഠരായ വ്യക്തികളായിരുന്നു ദാവൂദും (അ) സുലൈമാനും (അ). തങ്ങളാണ് ഈ ലോകത്തെ ഏറ്റവും ശ്രേഷ്ഠരായ വ്യക്തികൾ എന്നു പറയാതെ, സത്യവിശ്വാസികളായ പെരുത്ത് ദൈവദാസന്മാരേക്കാൾ അല്ലാഹു തങ്ങളെ ശ്രേഷ്ഠരാക്കി എന്ന് പറഞ്ഞതിൽ അവരുടെ വിനയവും അനുഗ്രഹവും അല്ലാഹുവിനോടുള്ള നന്ദിയും പ്രകാശിക്കുന്നു. ■

---

وَوَرِثَ سُلَيْمَانُ دَاوُودَ ۖ وَقَالَ يَا أَيُّهَا النَّاسُ عُلِّمْنَا مَنطِقَ
الطَّيْرِ وَأُوتِينَا مِن كُلِّ شَيْءٍ ۖ إِنَّ هَٰذَا لَهُوَ الْفَضْلُ الْمُبِينُ
﴿١٦﴾

16. സുലൈമാൻ ദാവൂദിന്റെ അനന്തരാവകാശിയായി. അദ്ദേഹം വിളംബരം ചെയ്തു: അല്ലയോ ജനങ്ങളേ, നാം പക്ഷിഭാഷ പഠിപ്പിക്കപ്പെട്ടിരിക്കുന്നു. വേണ്ടതൊക്കെയും നമുക്ക് ലഭിച്ചിട്ടുണ്ട്. ഇത് അല്ലാഹുവിന്റെ സ്പഷ്ടമായ അനുഗ്രഹം തന്നെയാകുന്നു.

**16**

وَوَرِثَ سُلَيْمَانُ = സുലൈമാൻ അനന്തരാവകാശിയായി دَاوُودَ = ദാവൂദിന്റെ
وَقَالَ = (വിളംബരം ചെയ്തു) അദ്ദേഹം പറഞ്ഞു يَا أَيُّهَا النَّاسُ = അല്ലയോ ജനങ്ങളേ
عُلِّمْنَا = നാം പഠിപ്പിക്കപ്പെട്ടിരിക്കുന്നു مَنْطِقَ الطَّيْرِ = പക്ഷിഭാഷ وَأُوتِينَا = നാം നൽകപ്പെട്ടു, നമുക്ക് ലഭിച്ചിട്ടുണ്ട്
مِنْ كُلِّ شَيْءٍ = (നമുക്ക് വേണ്ടതൊക്കെയും) എല്ലാ വസ്തുക്കളാലും إِنَّ هَٰذَا = തീർച്ചയായും ഇത്
لَهُوَ الْفَضْلُ الْمُبِينُ = സ്പഷ്ടമായ അനുഗ്രഹം തന്നെയാകുന്നു

ദാവൂദ് നബിയുടെ പുത്രനാണ് സുലൈമാൻ നബി. ദാവൂദി(അ)ന് പല ഭാര്യമാരിലായി 19 മക്കളുണ്ടായിരുന്നതായി പറയപ്പെടുന്നു. ദാവൂദ് നബിയുടെ 'ബത്ശേബ' എന്ന ഭാര്യയിലാണ് സുലൈമാൻ നബി ജനിച്ചത്. സാധാരണ ഗതിയിൽ എല്ലാ മക്കളും അദ്ദേഹത്തിന്റെ അനന്തരാവകാശികളാണ്. പക്ഷേ, പ്രവാചകന്മാരുടെ പിന്മുറക്കാർ അവരുടെ ഭൗതിക സ്വത്തുക്കൾ അനന്തരാവകാശികളാക്കുന്നില്ല. നബി(സ) പ്രസ്താവിച്ചതായി ബുഖാരി ഉദ്ധരിക്കുന്നു: نَحْنُ مَعَاشِرَ الْأَنْبِيَاءِ لَا نُورَثُ مَا تَرَكْنَا فَهُوَ صَدَقَةٌ (ഞങ്ങൾ പ്രവാചക സമൂഹം അനന്തരാവകാശമെടുക്കപ്പെടുകയില്ല. ഞങ്ങൾ അവശേഷിപ്പിക്കുന്നതൊക്കെയും ദാനമാകുന്നു). പ്രവാചകന്മാരുടെ കാലശേഷം അവരുടെ ഭൗതിക സ്വത്തുക്കൾ സമുദായത്തിനു ദാനം ചെയ്യപ്പെട്ടതാകുന്നു. രാജാവിന്റെ മരണാനന്തരം പുത്ര പരമ്പര രാജാക്കന്മാരാവുകയും രാജത്വം കുടുംബത്തിന്റെ കുത്തകയാക്കുകയും ചെയ്യുന്ന സമ്പ്രദായം പ്രചാരത്തിലുണ്ടെങ്കിലും അതൊരു നിയമപരമായ അവകാശമല്ല. പ്രവാചകത്വവും അനന്തരാവകാശമായി സിദ്ധിക്കുന്ന പദവിയല്ല. ഇവിടെ 'സുലൈമാൻ ദാവൂദിന്റെ അനന്തരവകാശിയായി' എന്നു പറഞ്ഞതിന്റെ താൽപര്യം ദാവൂദ് നബിയുടെ കാലശേഷം അദ്ദേഹത്തിന്റെ പുത്രൻ സുലൈമാനെ(അ) അല്ലാഹു രാജാധികാരവും പ്രവാചകത്വവും നൽകി അനുഗ്രഹിച്ചു എന്നാണ്. സ്വപുത്രൻ സുലൈമാൻ പ്രവാചകത്വം കൊണ്ടും രാജത്വം കൊണ്ടും അനുഗൃഹീതനായത് ദാവൂദിനും(അ), മഹാനായ പ്രവാചകന്റെയും രാജാവിന്റെയും മകനായ പ്രവാചകനും രാജാവുമായത് സുലൈമാന്നും (അ) ലഭിച്ച സവിശേഷ മഹത്വമാണ്.

രാജാവെന്ന നിലയിൽ ദാവൂദ് നബിയേക്കാൾ പ്രതാപിയും പ്രതിഭാശാലിയുമായിരുന്നു സുലൈമാൻ. പിതാവിനുണ്ടായിരുന്ന ഗുണങ്ങൾക്ക് പുറമെ അദ്ദേഹത്തിനില്ലാതിരുന്ന ചില ഗുണങ്ങളും അല്ലാഹു പുത്രനു നൽകിയിരുന്നു. അതിലൊന്നാണ് പക്ഷികളുടെ സംസാരം ഗ്രഹിക്കാനുള്ള സിദ്ധി. ഭാഷയും അർഥമുള്ള മൊഴിയും സംസാരവുമാണ് منطق. ഉച്ചാരണത്തിനും സംസാരത്തിനും نطق എന്നു പറയും. حيوان ناطق (സംസാരിക്കുന്ന ജന്തു) എന്ന് മനുഷ്യനെ നിർവചിക്കാറുണ്ട്. منطق-ന് തർക്കശാസ്ത്രം, ന്യായശാസ്ത്രം എന്നും അർഥമുണ്ട്. തിര്യക്കുകൾക്കെല്ലാം അവരുടെ ഭാഷയുണ്ട്. അതുപയോഗിച്ച് സ്വവർഗത്തിലെ മറ്റംഗങ്ങളുമായി അവ ആശയവിനിമയം ചെയ്യുന്നു. സന്തോഷം, സന്താപം, കാമം, കോപം തുടങ്ങിയ വികാരങ്ങളും വിശപ്പ്, ദാഹം തുടങ്ങിയ ആവശ്യങ്ങളും പ്രകടിപ്പിക്കുന്നു. ആധുനിക ജന്തുശാസ്ത്ര ഗവേഷണങ്ങൾ ഇക്കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്. സുലൈമാൻ നബിക്ക് പറവകളുടെയും മറ്റു ചില ജീവികളുടെയും ആശയവിനിമയം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. മനുഷ്യർക്കൊപ്പം അവയെയും തന്റെ സേവകരാക്കാനും സാധിച്ചിരുന്നു.

തന്റെ സവിശേഷ സിദ്ധി അദ്ദേഹം ജനങ്ങളെ വിളിച്ചുകൂട്ടി വിളംബരം ചെയ്തു: 'നാം പക്ഷിഭാഷ പഠിപ്പിക്കപ്പെട്ടിരിക്കുന്നു.' എനിക്ക് അറിയാം എന്നോ, ഞാൻ പഠിച്ചിരിക്കുന്നു എന്നോ പറയാതെ നാം പഠിപ്പിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞതിൽ ഈ അറിവ് തനിക്ക് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ച ദിവ്യാത്ഭുതം - معجزة ആണെന്ന സൂചനയുണ്ട്. ദിവ്യാത്ഭുതം എങ്ങനെ സാധിച്ചു എന്ന ചോദ്യത്തിന് പ്രസക്തിയില്ല. പക്ഷികൾക്ക് അവരുടെ ഭാഷ അല്ലാഹു എങ്ങനെ പഠിപ്പിച്ചുകൊടുത്തുവോ അതുപോലെ സുലൈമാൻ നബിക്കും പഠിപ്പിച്ചുകൊടുത്തു എന്ന് കരുതാം. 'എല്ലാ വസ്തുക്കളാലും നാം നൽകപ്പെട്ടിരിക്കുന്നു' (وَأُوتِينَا مِنْ كُلِّ شَيْءٍ) എന്ന വാക്യത്തിന്റെ താൽപര്യം ലോകത്തുള്ള സകല വിഭവങ്ങളും തനിക്ക് കൈവന്നിരിക്കുന്നു എന്നല്ല, തന്റെ ദീനും ദുൻയാവും നിലനിർത്താനാവശ്യമായ വിജ്ഞാനവും വിഭവങ്ങളും അധികാരവുമെല്ലാം ധാരാളം ലഭിച്ചിരിക്കുന്നു എന്നാണ്. വരുന്ന 23-ാം സൂക്തത്തിൽ ശേബാ രാജ്ഞിയുടെ വിഭവശേഷിയെക്കുറിച്ച് മരംകൊത്തിപ്പക്ഷി وَأُوتِيَتْ مِنْ كُلِّ شَيْءٍ എന്നു പറയുന്നതും ഈ അർഥത്തിലാണ്. علمنا - أوتينا (ഞങ്ങൾ പഠിപ്പിക്കപ്പെട്ടു, ഞങ്ങൾക്ക് ലഭിച്ചു) എന്നിങ്ങനെ പറയുന്നത് തന്നെയും പിതാവിനെയും ചേർത്താവാം. അങ്ങനെയാണെങ്കിൽ സുലൈമാൻ നബിക്കുണ്ടായിരുന്ന സിദ്ധികളൊക്കെയും ദാവൂദ് നബിക്കും ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കണം. പക്ഷേ, അദ്ദേഹത്തിന് പക്ഷികളും ജിന്നുകളും സേവനം ചെയ്തിരുന്നതായി എവിടെയും പ്രസ്താവിക്കുന്നില്ല. അതിനാൽ, ജനങ്ങളുടെ പ്രതിനിധി എന്ന നിലയിൽ രാജാവ് തന്നെ 'നാം' എന്നു പറയുന്ന സമ്പ്രദായമനുസരിച്ചാണ് സുലൈമാൻ നബി(അ) ഇവിടെ 'നാം' എന്നുപയോഗിച്ചതെന്ന് കരുതുന്നതാണ് കൂടുതൽ യുക്തിസഹം. തനിക്ക് ലഭിച്ച ഈ പ്രവാചകത്വം, രാജാധികാരം, അസാമാന്യമായ ജ്ഞാനങ്ങൾ, വിഭവങ്ങൾ തുടങ്ങിയവയിൽ താൻ ഒട്ടും അഹങ്കരിക്കുന്നില്ലെന്നും എല്ലാം അല്ലാഹുവിന്റെ കരുണാകടാക്ഷം മാത്രമാണെന്നും ഒന്നുകൂടി ഊന്നിപ്പറയുകയാണ് إِنَّ هَٰذَا لَهُوَ الْفَضْلُ الْمُبِينُ എന്ന വാക്യം. അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ചവർ ആ അനുഗ്രഹം ജനങ്ങളിൽ പരസ്യപ്പെടുത്തുന്നത് അഭികാമ്യമാണെന്നതിന് പ്രമാണമായി പണ്ഡിതന്മാർ ഈ സൂക്തം ചൂണ്ടിക്കാണിക്കുന്നുണ്ട്. وَأَمَّا بِنِعْمَةِ رَبِّكَ فَحَدِّثْ (നിന്റെ നാഥന്റെ അനുഗ്രഹം പ്രഘോഷണം ചെയ്യണം-93:11) എന്ന സൂക്തം ഈ വീക്ഷണത്തെ ബലപ്പെടുത്തുന്നു. ■